## പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1081** 08/02/2013 ൽ മറുപടിക്ക്

## രാഷ്ട്രീയ മാധ്യമ ശിക്ഷക് അഭിയാൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കുഞ്ഞിരാമൻ(ഉദുമ): | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് രാഷ്ട്രീയ മാധ്യമ ശിക്ഷക് അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുതുതായി എത്ര സ്കൂളുകൾ തുടങ്ങാനാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്; | എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2009-10 വർഷത്തിൽ 60 ഗവൺമെന്റ് യു.പി. സ്കൂളുകളും 2010-11 വർഷത്തിൽ 36 ഗവൺമെന്റ് സ്കൂളുകളും (35 യു.പി.സ്കൂളും യു.പി. ഇല്ലാത്ത ഒരു സ്കൂളും) 2011-12 വർഷത്തിൽ 16 ഗവൺമെന്റ് യു.പി.സ്കൂളുകളും അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളുകളാക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| ബി) ഇത് സംബന്ധിച്ച് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ടോ; | ബി) 16.11.2010 ലെ സ.ഉ(എം.എസ്)238/2010/ പൊ.വി. പ്രകാരം 60 ഗവൺമെന്റ് യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളുകളാക്കിയും 29.9.2012 ലെ സ.ഉ.(എം.എസ്) നം.309/2012/പൊ.വി. പ്രകാരം 34 ഗവൺമെന്റ് യു.പി.സ്കൂളുകൾ ഹൈസ്കൂളാക്കി ഉയർത്തിയും കേന്ദ്രാനുമതി ലഭിച്ച വൻമുഖം ഗവൺമെന്റ് യു.പി. എസിന്റെ അപ്ഗ്രഡേഷൻ, ഇതു സംബന്ധിച്ച് കേസ് നിലനിൽക്കുന്നതിനാൽ, അന്തിമ ഹൈക്കോടതി വിധി അനുസരിച്ച് മാത്രമേ നടപ്പാക്കാവൂ എന്ന് നിഷ്കർഷിച്ചുകൊണ്ടും യു.പി.എസ് ഇല്ലാത്ത കാസർഗോഡ് ജില്ലയിലെ കുറ്റിക്കോലിൽ ഹൈസ്കൂൾ വിഭാഗം തുടങ്ങാനും അനുമതി നൽകി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. 16 ഗവൺമെന്റ് യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കുന്ന കാര്യം പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| സി) | എങ്കിൽ ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ സ്കൂളുകൾ ആരംഭിക്കുന്നതിന് തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | സി)<br>ഡി) | 2009-10 ൽ ഹൈസ്കൂളുകളായി ഉയർത്താൻ അനുമതി ലഭിച്ച 60 സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സ്കൂളുകളിലെ 9, 10 ക്ലാസുകളിലെ അദ്ധ്യാപകരുടെയും ക്ലർക്ക്, പ്യൂൺ എന്നിവരുടെയും ശമ്പളം ആർ.എം.എസ്.എ യിൽ നിന്ന് നൽകിവരുന്നു. ഈ സ്കൂളുകൾക്ക് വാർഷിക ഗ്രാന്റായി 50,000 രൂപാ വീതം നൽകി വരുന്നു. 2010-11 ൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച 36 സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുന്നതിനുള്ള നിർദ്ദേശം അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ആയത് ലഭിച്ചതിനു ശേഷം സ.ഉ.(എം.എസ്)നം.309/2012/പൊ.വി. പ്രകാരം അനുമതി നൽകിയ സ്കൂളുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) | പ്രസ്തുത സ്കൂളുകൾ എത് വിദ്യാഭ്യാസവർഷം പ്രവർത്തനം ആരംഭിക്കാൻ സാധിക്കും എന്ന് അറിയിക്കാമോ; | | |

സെക്ഷൻ ഓഫീസർ